## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

### CLASS 8 (ANNUALEXAM 2024)

**1) 'ഏലിയാവ്' എന്ന വാക്കിന്റെ അർത്ഥം?**
<u>**A) യഹോവ എന്റെ ദൈവം**</u>
B) അവൻ നൽകി.
C) ദൈവം രക്ഷകനാകുന്നു.
D) യഹോവ കരുതിക്കൊള്ളും.

**2) യോശിയാവിന്റെ ഭരണപരിഷ്കാരത്തിൽ ഉൾപ്പെട്ട സംഗതി?**
<u>**A) ഇവിടെ പറയുന്നതെല്ലാം ശരിയാണ്**</u>
B) വിഗ്രഹങ്ങളും അന്യദേവന്മാരുടെ ബലിപീഠങ്ങളും തകർത്തു.
C) ബഥേലിലെ യാഗപീഠവും പൂജാഗിരിയും നശിപ്പിച്ചു.
D) എല്ലാവരും പെസഹ ആചരിക്കുവാൻ കല്പന നൽകി.

**3) 'ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല.' എന്നു പറഞ്ഞ പ്രവാചകൻ?**
<u>**A) ഏലിയാവ്**</u>
B) എലിശാ
C) നാഥാൻ
D) ശമുവേൽ

**4) ശലോമോനു ശേഷം വിഭജിക്കപ്പെട്ട യിസ്രായേലിലെ ഏതെല്ലാം ഗോത്രങ്ങളാണ് ദാവീദ്ഗൃഹത്തോടു ചേർന്നുനിന്നത്?**
<u>**A) യഹൂദ, ബന്യാമീൻ**</u>
B) ലേവി, യഹൂദ
C) ആശേർ, ബന്യാമീൻ
D) ലേവി, ആശേർ

**5) യൂദായ്ക്കു പകരം ശിഷ്യനെ തെരഞ്ഞെടുത്തപ്പോൾ സ്വീകരിച്ച മാനദണ്ഡം?**
<u>**A) കർത്താവിന്റെ കാലഘട്ടത്തിൽ ശിഷ്യന്മാരോടൊപ്പം സഞ്ചരിച്ച വ്യക്തിയായിരിക്കണം.**</u>
B) ഏതെങ്കിലും ഒരു അടയാളം കർത്താവിന്റെ നാമത്തിൽ ചെയ്ത ആളായിരിക്കണം.
C) കർത്താവിന്റെ ക്രൂശുമരണത്തിനു ദൃക്സാക്ഷിയായിരിക്കണം.
D) ഇതെല്ലാം ശരിയാണ്.

**6) യൂദായ്ക്കു പകരം തെരഞ്ഞെടുക്കപ്പെട്ട ശിഷ്യൻ?**
<u>**A) മത്ഥിയാസ്**</u>
B) യുസ്തോസ്
C) ബർശബാ
D) യോസഫ്

**7) മോശമൂലം യിസ്രായേൽ മക്കൾക്ക് ദൈവം കല്പനകൾ നൽകിയതിന്റെ ഓർമ്മ ആചരിച്ചിരുന്ന പെരുന്നാൾ?**
<u>**A) പെന്തിക്കോസ്തി**</u>
B) പെസഹാ
C) കൂടാരപ്പെരുന്നാൾ
D) പുരീം പെരുന്നാൾ

**8) സഭാവളർച്ചയുടെ ആദ്യദിനം ഏതായിരുന്നു?**
**A) പെന്തിക്കോസ്തിയിലെ പരിശുദ്ധാത്മാവാസം.**
B) കർത്താവിന്റെ ക്രൂശുമരണം.
C) കർത്താവിന്റെ പുനരുത്ഥാനം.
D) കർത്താവിന്റെ സ്വർഗ്ഗാരോഹണം.

**9) ആദിമസഭയുടെ ജീവിതരീതിയിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) സുവിശേഷഭാഗങ്ങൾ വായിച്ചു.**
B) അപ്പോസ്തോലന്മാരുടെ ഉപദേശം കേട്ടു.
C) കൂട്ടായ്മ ആചരിച്ചു.
D) അപ്പം നുറുക്കി വന്നു.

**10) എന്തായിരുന്നു ആദിമസഭയിലെ 'കുടുംബസഭകൾ'?**
**A) കുർബാനയ്ക്കായി അവർ ഒരുമിച്ചു കൂടിയ സ്ഥലം.**
B) ഭക്ഷണം പങ്കിട്ടു കഴിക്കുവാൻ തെരഞ്ഞെടുത്തിരുന്ന സ്ഥലം.
C) ശേഖരിച്ച ധനം പങ്കിട്ടുനൽകുന്ന സ്ഥലം.
D) വഴക്കുകൾ തീർക്കുവാൻ കൂടിവന്നിരുന്ന സ്ഥലം.

**11) ആദിമസഭ തെരഞ്ഞെടുത്ത ശെമ്മാശന്മാരിൽ ഉൾപ്പെടാത്ത ആൾ?**
**A) ബർന്നബാസ്**
B) സ്തേഫാനോസ്
C) ഫിലിപ്പോസ്
D) നിക്കലോവോസ്

**12) എത്യോപ്യക്കാരൻ ഷണ്ഡൻ രഥത്തിൽ ഇരുന്നു വായിച്ച പുസ്തകം?**
**A) യശയ്യാപ്രവാചകൻ**
B) യിരമ്യാപ്രവാചകൻ
C) സങ്കീർത്തനങ്ങൾ
D) സുവിശേഷങ്ങൾ

**13) പത്രോസ് ശ്ലീഹ ചെയ്ത ആദ്യ അത്ഭുതം?**
**A) മുടന്തനെ സൗഖ്യമാക്കി.**
B) തബീഥായെ ഉയിർപ്പിച്ചു.
C) അതിശയകരമായ മീൻപിടുത്തം.
D) ഏഴുവർഷമായി പക്ഷവാതം പിടിച്ചുകിടന്നവനെ സൗഖ്യമാക്കി

**14) പത്രോസ് ശ്ലീഹായുടെ പെരുന്നാൾ കൊണ്ടാടുന്നത് എന്ന്?**
**A) ജൂൺ 29**
B) ജൂലൈ 3
C) ആഗസ്റ്റ് 15
D) ജൂൺ 16

**15) യശയ്യാ കണ്ട ദർശനത്തിൽ ഏതു മാലാഖമാരാണ് ദൈവത്തെ സ്തുതിക്കുന്നതായി കണ്ടത്?**
**A) സ്രാപ്പേന്മാർ**
B) ക്രൂബേന്മാർ
C) സുൽത്തോനേന്മാർ
D) റീശ് മാലാഖമാർ

**16) മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലുന്ന അവസരം ഏത്?**
**A) ഇവയെല്ലാം ശരിയാണ്**
B) രാത്രിനമസ്കാരം

C) ക്രിസ്തുമസ്
D) ദുഃഖവെള്ളി

**17) 'പിതാവിന്റെ പുത്രനും, ............................ ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും ...................................... ആയ ദൈവത്തിന്റെ കുഞ്ഞാടായ കർത്താവേ' മാലാഖമാരുടെ സ്തുതിപ്പിലെ വിട്ടുപോയ ഭാഗം പൂരിപ്പിക്കുന്ന വാക്കുകൾ തെരഞ്ഞെടുക്കുക.**
**A) വചനവും, വഹിച്ചവനും**
B) രക്ഷിതാവും, ക്ഷമിച്ചവനും
C) വരുവാനുള്ള, ക്രൂശിക്കപ്പെട്ടവനുമായ
D) രക്ഷിതാവും, ക്ഷമിക്കുന്നവനും

**18) 'വെടിപ്പുള്ള നോമ്പ് ഇതാകുന്നു' ഏതാണെന്നു പറഞ്ഞ പ്രവാചകൻ ആര്?**
**A) യശയ്യാവ്**
B) യിരമ്യാവ്
C) ശമുവേൽ
D) സഖറിയ

**19) 'നിങ്ങൾ ജീവനെ സ്നേഹിക്കുന്നു എങ്കിൽ സമയം വൃഥാവിലാക്കരുത്.' ഇങ്ങനെ പറഞ്ഞത് ആര്?**
**A) ബഞ്ചമിൻ ഫ്രാങ്ക്ലിൻ**
B) സെന്റ് അഗസ്റ്റിൻ
C) ജോൺ എഫ്. കെന്നഡി
D) ജസ്റ്റിൻ മാർട്ടയർ

**20) മനസ്സിന്റെ മരുന്നുശാല എന്ത്?**
**A) വായന**
B) ആരോഗ്യം
C) വ്യായാമം
D) പ്രകൃതി

**21) പൗരധർമ്മം നമുക്ക് എങ്ങനെ നിർവഹിക്കാം എന്നതിൽ ഉൾപ്പെടാത്തത് ഏത്?**
**A) സുവിശേഷം പ്രസംഗിക്കുക.**
B) നിയമങ്ങൾ അനുസരിക്കുക.
C) പരിസ്ഥിതിയെ സംരക്ഷിക്കുക.
D) രാജ്യത്തെ സ്നേഹിക്കുക.

**22) പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമന്റെ ഭരണകാലത്ത് നടന്ന സംഭവം ഏത്?**
**A) ഇവയെല്ലാം ശരിയാണ്.**
B) പരുമല സെമിനാരി ആരംഭിച്ചു.
C) സൺഡേസ്കൂൾ പ്രസ്ഥാനം ശക്തി പ്രാപിച്ചു.
D) അൽവാറീസ് മാർ യൂലിയോസ് തിരുമേനിയെ വാഴിച്ചു.

**23) മലങ്കര സഭയെ വിഭജിച്ച് ഏഴു ഭദ്രാസനങ്ങൾ ആക്കിയത് ആര്?**
**A) പത്രോസ് തൃതീയൻ പാത്രിയർക്കീസ്**
B) യാക്കോബ് തൃതീയൻ പാത്രിയർക്കീസ്
C) മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ
D) പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ.

**24) 'സഭാ ജ്യോതിസ്' ആര്?**

**A) പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ഒന്നാമൻ.**
B) പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ.
C) നാസിയാൻസിലെ ഗ്രിഗോറിയോസ്
D) വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ്

**25) പഴയസെമിനാരി സ്ഥാപകൻ ആര്?**
**A) പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ഒന്നാമൻ.**
B) പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ.
C) വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ്
D) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ്

**26) വ്യത്യസ്തമായ പ്രാർത്ഥനകൾ ഓരോ യാമത്തിലേക്കും ക്രമീകരിച്ചിട്ടുള്ള നോമ്പുകൾ ഏവ?**
**A) മൂന്നുനോമ്പ്, വലിയനോമ്പ്**
B) പതിനഞ്ചു നോമ്പ്, വലിയനോമ്പ്
C) മൂന്നുനോമ്പ്, പതിനഞ്ചുനോമ്പ്
D) വലിയനോമ്പു മാത്രം

**27) കുമ്പിടാത്ത ദിവസം ഏത്?**
**A) ഇവിടെ പറയുന്നതെല്ലാം.**
B) ഞായറാഴ്ച
C) മാറാനായ പെരുന്നാളുകളിൽ.
D) ഉയിർപ്പ് മുതൽ പെന്തിക്കോസ്തിവരെ.

**28) 'നടുങ്ങുവിൻ, ............................' നാലാം സങ്കീർത്തനത്തിലെ ഈ വാചകം പൂർണമാക്കുക.**
**A) പാപം ചെയ്യാതിരിപ്പിൻ.**
B) സമാധാനത്തോടെ കിടന്നുറങ്ങുക.
C) നിർഭയം വസിക്കുക.
D) ഹൃദയത്തിൽ ധ്യാനിച്ച് മൗനമായിരിപ്പിൻ.

**29) 'സൂത്താറാ' എന്ന വാക്കിന്റെ അർത്ഥം?**
**A) കാവൽ**
B) ഉറക്കം
C) കരുണ
D) ഉണർവ്വ്

**30) 'ചാർത്തും നീതിയെ നിൻ ആചാര്യന്മാരും' ഈ ഗീതം ഏതു സങ്കീർത്തനത്തിൽനിന്നുമാണ്?**
**A) 132**
B) 45
C) 91
D) 103

**31) 'ഭംഗ്യാ ദൈവസുതാ നിന്നെ' അടുത്ത വരി തെരഞ്ഞെടുക്കുക.**
**A) ശുശ്രൂഷിച്ചൊരു വൈദികരെ**
B) സ്നേഹാൽ ശുശ്രൂഷിച്ചോരാം
C) ഓർത്തു മുഖപ്രഭയേകേണമെ
D) സൂക്ഷിച്ചുംകൊണ്ടേ മേവി

**32) പരേതർക്കുവേണ്ടിയുള്ള കുക്കിലിയോനിലെ സങ്കീർത്തനഭാഗം?**
**A) മക്കളിലപ്പൻ കൃപചെയ്‌വതുപോലെ...**
B) ചാർത്തും നീതിയെ നിന്നാചാര്യന്മാരും...

C) ശരണത്താലേ നിൻകൃപയിൽ...
D) നാഥാ താവകമിരുലോകം...

**33) ശെമ്മാശിനിമാരുടെ സാന്നിധ്യം ആദിമസഭയിൽ ഉണ്ടായിരുന്നു എന്നു കാണിക്കുവാൻ ഒരു ഉദാഹരണം?**
**A) ഫേബേ**
B) ഗായോസ്
C) പ്രിസ്കില്ല
D) ശലോമി

**34) റോമ ചക്രവർത്തിമാർ സഭയെ പീഢിപ്പിച്ചതിന്റെ കാരണം?**
**A) ഇവിടെ പറയുന്നതെല്ലാം കാരണങ്ങളായിരുന്നു.**
B) ചക്രവർത്തിമാരോട് ക്രിസ്ത്യാനികൾക്കു വിധേയത്വമില്ലെന്ന സംശയം.
C) റോമൻ ദൈവങ്ങളെ ആരാധിക്കുവാനുള്ള വിമുഖത.
D) ക്രിസ്ത്യാനികളുടെ സൈനികസേവനത്തിനുള്ള വിമുഖത.

**35) മാതാവിനെ 'ദൈവപ്രസവിത്രി' എന്നു വിളിക്കരുത് എന്ന വേദവിപരീതം ഉന്നയിച്ച വ്യക്തി?**
**A) നെസ്തോർ**
B) അറിയൂസ്
C) മക്കദോനിയോസ്
D) അപ്പോളിനേറിയസ്

**36) ഒന്നാം പേർഷ്യൻ കുടിയേറ്റത്തിനു നേതൃത്വം കൊടുത്ത വ്യക്തി?**
**A) ക്നായിത്തോമ്മാ**
B) സാബോറീശോ
C) സാപ്പോർ
D) വാസ്ക്കോഡഗാമ

**37) 'ത്രീസായ്' എന്ന വാക്കിന്റെ അർത്ഥം?**
**A) സത്യമായത്**
B) ഘനമായത്
C) ത്രിത്വമായത്
D) ത്രിയേകത്വം

**38) വീരരാഘവ പട്ടയം ആർക്കു നൽകിയതാണ്?**
**A) ഇരവികോർത്തന്**
B) വീരരാഘവചക്രവർത്തിക്ക്
C) ചേരമാൻ പെരുമാളിന്
D) ക്നായിത്തോമായ്ക്ക്

**39) 'പറുദീസയിലാദാം രുചിനോക്കാത്ത ഫലം' എന്നു തുടങ്ങുന്ന ഗീതം പാടുന്നത് ഏതു ശുശ്രൂഷയിലാണ്?**
**A) മാമോദീസാ**
B) വിവാഹം
C) വി. കുർബാന
D) തൈലാഭിഷേകം

**40) 'മൽക്കീസദേക്കിന്റെ ക്രമത്തിൽ എന്നേക്കും ഒരു പുരോഹിതൻ' ആര്?**
**A) ക്രിസ്തു**
B) ദാവീദ്
C) ശമുവേൽ
D) അഹറോൻ

**41) 'യശയ്യാവിന്റെ നാവിനെ ശുദ്ധീകരിച്ച തീക്കനൽ' എന്തിന്റെ സൂചനയാണ്?**

A) വി. കുർബാന

B) പരിശുദ്ധാത്മാവ്

C) നരകത്തിലെ അഗ്നി

D) മാലാഖ

**42) വി. കുർബാനയിൽ സ്തേഫാനോസ് സഹദായെ ഓർക്കുന്ന തുബ്ദേൻ?**

A) 4-ാം തുബ്ദേൻ

B) 5-ാം തുബ്ദേൻ

C) 6-ാം തുബ്ദേൻ

D) സ്തേഫാനോസ് സഹദായെ പേരെടുത്തു പറഞ്ഞ് തുബ്ദേനിൽ ഓർക്കുന്നില്ല.

**43) തുബ്ദേനുകളെക്കുറിച്ചുള്ള തെറ്റായ പ്രസ്താവന തെരഞ്ഞെടുക്കുക.**

A) മൂന്നാം തുബ്ദേനിൽ കഷ്ടതയും പ്രയാസവും അനുഭവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

B) ആദ്യത്തെ മൂന്നു തുബ്ദേനുകൾ ജീവിച്ചിരിക്കുന്നവർക്കുവേണ്ടിയുള്ള മധ്യസ്ഥപ്രാർത്ഥനകളാണ്.

C) ആറാം തുബ്ദേനിൽ സകല വാങ്ങിപ്പോയവരെയും ഓർക്കുന്നു.

D) ഒന്നാം തുബ്ദേനിൽ നമ്മുടെ പ. കാതോലിക്കാബാവായ്ക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു.

**44) 'വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടക്കുവാൻ ആർക്കും കഴിയുകയില്ല.' എന്നു യേശു പറഞ്ഞത് ആരോട്?**

A) നിക്കോദിമോസിനോട്

B) പത്രോസിനോട്

C) അരിമത്യാക്കാരൻ ജോസഫിനോട്

D) സക്കായിയോട്

**45) മാമോദീസായെക്കുറിച്ചുള്ള തെറ്റായ പ്രസ്താവന തെരഞ്ഞെടുക്കുക.**

A) നമ്മുടെ സഭ പ്രായമായവരുടെ മാമോദീസാ അനുവദിക്കുന്നില്ല.

B) മാമോദീസായിൽ പേരിടീൽ എന്നൊരു കർമ്മം നടത്തുന്നുണ്ട്.

C) മാമോദീസായോടൊപ്പം വി. കുർബാനയും നൽകുന്നു.

D) മാമോദീസായിൽ സ്നാനാർത്ഥിയുടെ ശിരസിൽ കാർമ്മികൻ മൂന്നു പ്രാവശ്യം ത്രിത്വനാമത്തിൽ മുദ്രകുത്തുന്നുണ്ട്.

**46) 'വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ഉള്ളതല്ലോ' ഇതു പറഞ്ഞത് ആര്?**

A) പത്രോസ്

B) യേശു

C) പൗലോസ് ശ്ലീഹാ

D) ഇവർ ആരുമല്ല.

**47) 'വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു' റഫറൻസ് തെരഞ്ഞെടുക്കുക.**

A) എബ്രായർ 11:1

B) 1 കൊരിന്ത്യർ 1:16

C) എഫേസ്യർ 2:8

D) 1 കൊരിന്ത്യർ 7:14

**48) ''ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല.**

**അപേക്ഷിപ്പിൻ; എന്നാൽ നിങ്ങളുടെ ................................ നിങ്ങൾക്കു ലഭിക്കും.'' വാക്യം പൂരിപ്പിക്കുക.**

**A) സന്തോഷം പൂർണമാകുംവണ്ണം**

B) ആഗ്രഹപ്രകാരം

C) ചോദ്യങ്ങൾക്ക് അധികമായി

D) നന്മയ്ക്കുള്ളതാണെങ്കിൽ

**49) 'ദൈവശാസ്ത്രജ്ഞൻ' എന്ന പേരു നൽകി പൗരസ്ത്യസഭകൾ ആദ്യം ആദരിച്ചത് ആരെ?**

**A) യോഹന്നാൻ ശ്ലീഹായെ**

B) നാസിയാൻസിലെ ഗ്രിഗോറിയോസിനെ

C) നിസായിലെ ഗ്രിഗോറിയോസിനെ

D) വലിയ മാർ ബസേലിയോസിനെ

**50) പൗരസ്ത്യ ആത്മീകതയുടെ അടിത്തറ എന്നു വിശേഷിപ്പിക്കപ്പെടുന്നത് എന്ത്?**

**A) ദൈവീകരണം**

B) ദർശനങ്ങൾ

C) ഐക്കണുകൾ

D) പരിശുദ്ധന്മാരോടുള്ള മധ്യസ്ഥത.